# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 140/PR/PIC/PHQ/18 Date : 05.06.2018

---

## കുട്ടികളുടെ സുരക്ഷയ്ക്കായി എല്ലാ പോലീസ് സ്റ്റേഷനിലും ഉദ്യോഗസ്ഥർ

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉത്തരവായി. സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ, വനിതാ എ.എസ്.ഐ / വനിതാ എസ്.ഐ എന്നിവരിൽ നിന്ന് ഒരാളെയാകും ഇതിനായി തെരഞ്ഞെടുക്കുന്നത്. തുടർന്ന് ഇവർക്കാവശ്യ മായ പരിശീലനം നൽകി ഈ ചുമതലയിൽ നിയോഗിക്കും. ഇതു സംബന്ധിച്ച തുടർ നടപടി റിപ്പോർട്ട് ക്രൈംബ്രാഞ്ച് ഐ ജി എസ്.ശ്രീജിത്തിന് നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷക്കായി നിലവിൽ വന്ന ബാലനീതി നിയമത്തിലെ (Juvanile Justice Act ) സെക്ഷൻ 107 പ്രകാരമാണ് ഇവരെ നിയോഗിക്കുന്നത്. ബാലനീതി നിയമവും ബാലാവകാ ശസംരക്ഷണവുമായി ബന്ധപ്പെട്ട ചുമതലകൾ ഇവർ നിർവ്വഹിക്കും. ഇവർക്കുള്ള പരിശീലനം സമയബന്ധിതമായി നൽകാനും ക്രൈംബ്രാഞ്ച് ഐ ജി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

************